II ഇ.ബി.XIV-കേരള നിയമസഭ/XI-8

## പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2018 ജൂൺ 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

24 (*211) പാഠ്യക്രമം നവീകരിക്കാൻ നടപടി

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്) നൽകിയ മറുപടിയിൽ, കുട്ടികളിൽ ജനാധിപത്യ മതനിരപേക്ഷ മൂല്യബോധമുണ്ടാക്കുന്നതിനും വിദ്യാഭ്യാസത്തിനുശേഷം തൊഴിൽ നൈപുണ്യം നേടുന്നതിനുപുറമെ അവരിൽ അന്തർലീനമായിരിക്കുന്ന പ്രതിഭയെ കണ്ടെത്തി ഉന്നതിയിലെത്തിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ നിലവിലുള്ള പാഠ്യക്രമം പരിശോധനയ്ക്കുവിധേയമാക്കി നവീകരിക്കുന്ന കാര്യം

പരിഗണിക്കുന്നതാണെന്ന് സഭയെ അറിയിച്ചു. പൊതുവിദ്യാലയങ്ങളിൽ കുട്ടികൾക്ക് പൂർണ്ണ പഠന സൗകര്യം ഉറപ്പാക്കാനും പത്താം ക്ലാസ് പാസ്സാകുന്ന കുട്ടികളെ മലയാളം, ഇംഗ്ലീഷ്, ഹിന്ദി ഭാഷകൾ അനായാസം സംസാരിക്കാൻ കഴിവുള്ളവരാക്കി മാറ്റാനുമാണ് സമഗ്ര വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്. പരീക്ഷകൾ വിദ്യാർത്ഥി സൗഹൃദമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചതിന് പുറമെ അദ്ധ്യാപകരുടെ കർമ്മശേഷി ഉയർത്താനായി തുടർ പരിശീലനവും ഓൺലൈനിലൂടെ സംശയനിവാരണത്തിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി അറിയിച്ചു. കേരളത്തിന്റെ അക്കാദമിക നിലവാരം അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള അക്കാദമിക് മാസ്റ്റർ പ്ലാനിന്റെ ആക്ഷൻ പ്ലാനുകൾ തയ്യാറാക്കുന്നതിനുള്ള വർക്ക്ഷോപ്പ് ഉടൻ ആരംഭിക്കുന്നതാണെന്നും വിദ്യാഭ്യാസ നിലവാരം ഉയർത്തിക്കൊണ്ടുവരുന്നതിന്റെ ഭാഗമായി സിലബസിലും കരിക്കുലത്തിലും വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച പഠനം നടന്നുവരികയാണെന്നും മന്ത്രി അറിയിച്ചു. ശാസ്ത്രയാൻ പദ്ധതിയിലൂടെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ മികവിന്റെ വളർച്ചയാണ് ലക്ഷ്യമിടുന്നതെന്നും എസ്.സി.ഇ.ആർ.ടി. പഠന

റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പ്രീ-പ്രൈമറി എയ്ഡഡ് അദ്ധ്യാപകരുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

25 (*212) മത്സ്യോത്പാദന രംഗത്തെ വികസന പ്രവർത്തനങ്ങൾ

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ) നൽകിയ മറുപടിയിൽ, മത്സ്യോത്പാദനം ഇരട്ടിയാക്കുകയെന്ന ലക്ഷ്യത്തോടെ ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നതിന്റെ ഭാഗമായി 2018-19 സാമ്പത്തിക വർഷം ബ്ലൂ റെവല്യൂഷൻ പദ്ധതിയിൽ ഉൾപ്പെടുത്തിയ 8 പദ്ധതികൾക്കുപുറമെ സംയോജിത മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4 ലക്ഷം രൂപ അനുവദിക്കുകയും ഉൾനാടൻ മേഖലയിലെ മത്സ്യസമ്പത്തിന്റെ വർദ്ധനവിനും ഫിഷറീസ് മാനേജ്മെന്റ് കൗൺസിലുകളുടെ പ്രവർത്തനങ്ങൾക്കായി 295 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്രാനുമതിക്കായി സമർപ്പിച്ചിട്ടുള്ള 24 കോടി രൂപ അടങ്കൽ വരുന്ന പദ്ധതികൾ അനുമതി ലഭിച്ചാൽ സമയബന്ധിതമായി

നടപ്പിലാക്കുന്നതാണ്. ഉൾനാടൻ ജലാശയങ്ങളിൽ വിവിധയിനം മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് അനുമതി നൽകിയിട്ടുള്ളതു കൂടാതെ ശാസ്ത്രീയ മത്സ്യബന്ധനം പ്രോത്സാഹിപ്പിക്കുന്നതിന് കെ.എം.എഫ്.ആർ. ആക്ട് കർശനമായി നടപ്പാക്കുന്നതിനുള്ള നടപടിയും സ്വീകരിച്ചുവരികയാണ്. ജുവനൈൽ ഫിഷിംഗ് തടയുന്നതിനായി 58 ഇനം മത്സ്യങ്ങളെ പിടിക്കുന്നതിനുള്ള കുറഞ്ഞ വലിപ്പം നോട്ടിഫൈ ചെയ്ത് പരിശോധനകൾ കർശനമാക്കുകയും യന്ത്രവത്കൃത ബോട്ടുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധനം നിരോധിക്കുകയും ട്രോളിംഗ് നിരോധനം 52 ദിവസമായി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കടൽ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി ഓരോ വർഷവും കൃത്രിമ പാര് നിക്ഷേപിക്കാറുണ്ടെന്നും ജലാശയങ്ങളിലും കുളങ്ങളിലും പരമാവധി മത്സ്യക്കൃഷി ചെയ്ത് കേരളത്തിനാവശ്യമായ മത്സ്യം ഉത്പാദിപ്പിക്കാനാണ് ശ്രമിക്കുന്നതെന്നും കരിമീൻ അടക്കമുള്ള തദ്ദേശീയ ഇനം മത്സ്യങ്ങളുടെ ഉത്പാദനം വിവിധ ഹാച്ചറികൾവഴി വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. കുട്ടനാട്ടിലെ മത്സ്യസമ്പത്തിനെ ഗുരുതരമായി ബാധിക്കുന്ന ജലാശയങ്ങളിലെ മലിനീകരണം തടയുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കടൽക്ഷോഭത്തിൽ മത്സ്യബന്ധനോപകരണങ്ങൾ

നഷ്ടപ്പെടുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള ഇൻഷ്വറൻസ് പദ്ധതി സർക്കാരിന്റെ സജീവ പരിഗണനയിലാണെന്നും മത്സ്യത്തൊഴിലാളികൾക്കുള്ള സമാശ്വാസ പദ്ധതിക്കായി 86 കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും ചെല്ലാനത്ത് പുലിമുട്ട് നിർമ്മിക്കുന്നതിന് ജിയോ ട്യൂബ് പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. 'ഒരു നെല്ലും ഒരു മീനും' പദ്ധതി ആവിഷ്കരിച്ചശേഷം കർഷകർ നെൽക്കൃഷി ഉപേക്ഷിച്ച് മത്സ്യക്കൃഷി മാത്രമായി മുന്നോട്ടുപോകുന്ന സ്ഥിതിവിശേഷം പല ജില്ലകളിലും കാണുന്നുണ്ടെന്നും ഇത് നെൽകൃഷിയെ പരോക്ഷമായി ബാധിക്കുന്നതിനാൽ ശാസ്ത്രീയമായ ക്രമീകരണം വരുത്തേണ്ടത് ആവശ്യമാണെന്നും ഉപചോദ്യത്തിലിടപെട്ടുകൊണ്ട് കൃഷി വകുപ്പുമന്ത്രി അറിയിച്ചു.

26 (*213) <u>പുതിയ കാലത്തിനനുസൃതമായ നിർമ്മാണം</u>

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) നൽകിയ മറുപടിയിൽ ആധുനിക സാങ്കേതിക വിദ്യകളും നൂതന നിർമ്മാണ സാമഗ്രികളും ഉപയോഗിച്ച് ഈടുറ്റ റോഡുകൾ നിർമ്മിച്ചുവരികയാണെന്നും പ്രവൃത്തികളുടെ ഗുണമേന്മ, സുതാര്യത എന്നിവ ഉറപ്പാക്കുന്നതിനായി

സോഷ്യൽ ഓഡിറ്റിംഗ് നടപ്പിലാക്കുകയും പ്രവൃത്തികൾ സമയബന്ധിതമാക്കാൻ രൂപകൽപ്പന വിഭാഗം വിപുലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. റോഡ് പൊളിക്കുന്നതിന് ആധുനിക സംവിധാനം ഏർപ്പെടുത്തുന്നതിനെക്കുറിച്ച് ആലോചിക്കുന്നതും റോഡ് സേഫ്റ്റി കൗൺസിലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുന്നതുമാണ്. സ്പീഡ് ലിമിറ്റ് കർശനമാക്കുന്നതോടൊപ്പം അശ്രദ്ധയോടെ വാഹനമോടിക്കുന്നവർക്കെതിരെ നടപടി സ്വീകരിക്കുന്ന കാര്യം ചർച്ച ചെയ്ത് തീരുമാനിക്കുന്നതുമാണ്. പുനർ നിർമ്മാണം ആവശ്യമായ പാലങ്ങളുടെ പ്രവൃത്തികൾക്ക് കിഫ്ബി/ബഡ്ജറ്റ് മുഖേന ഭരണാനുമതി ലഭിച്ചിട്ടുണ്ടെന്നും ബാക്കിയുള്ളവയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനും ഭരണാനുമതിക്കുമായി നടപടി സ്വീകരിച്ചുവരികയാണെന്നും നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനായി ചീഫ് എഞ്ചിനീയർ (റോഡ് മെയിന്റനൻസ്), ചീഫ് എഞ്ചിനീയർ (പാലങ്ങൾ) എന്നീ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു. എഞ്ചിനീയർമാർക്ക് ആധുനിക സാങ്കേതികവിദ്യയിൽ പരിജ്ഞാനം വർദ്ധിപ്പിക്കുന്നതിനും ഗവേഷണം നടത്തുന്നതിനും സാങ്കേതിക സർവ്വകലാശാലയുടെ സഹായം

ലഭ്യമാക്കാനാകുമോയെന്ന കാര്യം വൈസ് ചാൻസലറുമായി ചർച്ച ചെയ്യുന്നതാണെന്നും പൊതുമരാമത്ത് വകുപ്പിലെ ഒഴിവുകൾ യഥാസമയം നികത്തപ്പെടുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. റോഡുകൾ, പാലങ്ങൾ തുടങ്ങിയവയുടെ നിർമ്മാണം സംബന്ധിച്ചുള്ള പരാതികൾ പ്രസ്തുത പ്രവൃത്തികൾ നടക്കുന്ന ജില്ലയിലെ സ്ഥിര താമസക്കാരനായ ഏതൊരാൾക്കും ജില്ലാ സമിതി മുമ്പാകെ നൽകാവുന്നതാണെന്നും കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിലുള്ള ഭരണപരമായ കാലതാമസം പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടെന്നും ചാലക്കുടി സബ്ഡിവിഷൻ ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 2597 മുതൽ 3019 വരെയുള്ള ചോദ്യങ്ങളിൽ 201 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)